# പാറശ്ശാല ഭദ്രാസന ബുള്ളറ്റിൻ

വാല്യം 8 ലക്കം 2 മാർച്ച് – മെയ് 2025




**അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ പരിശുദ്ധ ലിയോ പതിനാലാമൻ മാർപ്പാപ്പയോടൊപ്പം**



പാറശ്ശാല ഭദ്രാസനത്തിനുവേണ്ടി പൂർണ്ണ ശെമ്മാശ പട്ടം സ്വീകരിച്ച ബ്രദർ ശാലോം ഭവൻ അഖിൽ പീറ്ററും
ബ്രദർ പുത്തൻവീട് ജോബി ജോസഫും അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം




മേരിമക്കൾ സന്യാസിനി സമൂഹത്തിലെ വെണ്ണിയൂർ നിർമ്മല പ്രൊവിൻസിലെയും ചാന്ദ അമല പ്രൊവിൻസിലെയും
പ്രഥമ വ്രതവാഗ്ദാനം നടത്തിയ സി. യോഹന്ന തെരേസ്, സി. ആർഫി തെരേസ് എന്നിവർ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം



ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്തായുടെ ഛായചിത്ര പ്രയാണം

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

വാല്യം 8 മാർച്ച് – മെയ് 2025 ലക്കം 2

TO BE EVERYTHING TO EVERYONE IN CHRIST

*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr Anit Francis Mullassery

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Bijoy
Ooralivila

**ഉള്ളടക്കം**

| | |
|---|---|
| ഇടയശബ്ദം | 2 |
| സഭാ വാർത്തകൾ | 4 |
| ഭദ്രാസന വാർത്തകൾ | 7 |
| എം.സി.വൈ.എം. | 10 |
| കെ.സി.എസ്.എൽ. | 14 |
| കുടുംബപ്രേഷിത കാര്യാലയം | 15 |
| എം.സി.എ. | 16 |
| എം.സി.എം.എഫ്. | 25 |
| സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ | 28 |
| സെമിനാരി വാർത്തകൾ | 29 |
| ക്ഷേമ | 30 |

*(Private Circulation Only)*



# ഇടയശബ്ദം

യേശുവിൽ സ്നേഹമുള്ള സഹോദരി സഹോദരന്മാരെ,

കഴിഞ്ഞ ഏതാനും ആഴ്ചകൾ നമ്മുടെ സഭാജീവിതത്തിൽ നിർണായകമായ ചില ദൈവീകപദ്ധതികൾ നിറവേറിയ സമയമായിരുന്നുവല്ലോ. 12 വർഷക്കാലത്തെ അഭൂതപൂർവ്വമായ സഭാ നേതൃത്വ ശുശ്രൂഷ നിർവഹിച്ചതിനുശേഷം നാമേവർക്കും ഏറെ പ്രിയങ്കരനായിരുന്ന പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ക്രിസ്തുനാഥന്റെ ഉയിർപ്പ് തിരുനാളിന്റെ പിറ്റേന്നാൾ തന്റെ നിത്യസമ്മാനത്തിനായി യാത്രയായി. ക്രിസ്തുനാഥൻ നമുക്ക് കാട്ടിത്തന്ന സ്വർഗ്ഗപിതാവിന്റെ മുഖം പ്രധാനമായും കരുണയുടെ മുഖമായിരുന്നു എന്ന് തന്റെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും പരിശുദ്ധ പിതാവ് നിരന്തരം നമ്മെ ഓർമ്മിപ്പിച്ചു. ആരെയും മാറ്റിനിർത്താതെ, വിവേചിക്കാതെ, എല്ലാ മനുഷ്യരെയും, സഹജീവികളെയും, മുഴുവൻ പ്രപഞ്ചത്തെയും ഉൾക്കൊള്ളുവാൻ സാധിക്കുന്ന ഹൃദയചക്രവാള വിപുലീകരണമായിരുന്നു മാർപാപ്പ തിരുമേനിയുടെ അടിസ്ഥാന ബോധ്യവും, ഇഷ്ടപ്പെട്ട പ്രബോധനപ്രമേയവും. വേലികളും മതിലുകളും ഇല്ലാത്ത സ്നേഹാധിഷ്ഠിതമായ മനുഷ്യസമൂഹ നിർമ്മിതിക്കായി യത്നിക്കുകയാണ് ഫ്രാൻസിസ് മാർപാപ്പയിൽ നിന്നും നാം സ്വീകരിക്കേണ്ട പൈതൃകം. പരിശുദ്ധ പിതാവിന്റെ ധന്യമായ ജീവിതത്തെയും ശുശ്രൂഷയെയും ദൈവസന്നിധിയിൽ നമുക്ക് നന്ദിയോടെ സ്മരിക്കാം.

സഭയ്ക്കും സമൂഹത്തിനും പുത്തൻ പ്രതീക്ഷകൾ നൽകികൊണ്ടാണ് മെയ് മാസം എട്ടാം തീയതി പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ മാർപാപ്പ തിരഞ്ഞെടുക്കപ്പെട്ടത്. തന്റെ പൗരോഹിത്യ ജീവിതത്തിലുടനീളം തികഞ്ഞ ഒരു മിഷനറിയായി ശുശ്രൂഷ ചെയ്ത മാർപാപ്പ ഒരു ക്രിസ്തുമിഷനറിയുടെ ജീവിത നിയോഗത്തിന്റെ കഠിനവും ത്യാഗഭരിതവുമായ വെല്ലുവിളികളിലൂടെയും കടന്നുപോയ വ്യക്തിയാണ്. ഉള്ളു മുഴുവൻ ഈ പ്രേഷിതചൈതന്യം സൂക്ഷിക്കുന്ന പരിശുദ്ധ പിതാവ് സഭയ്ക്കും സമൂഹത്തിനും സമ്മാനിക്കുന്നത്, ക്രിസ്തുശിഷ്യത്വത്തെക്കുറിച്ചും സഭാസമർപ്പണത്തെക്കുറിച്ചും ഉള്ള

അസാധാരണമായ വ്യക്തതയാണ്; അതായത്, മനുഷ്യാവസ്ഥയോട് താദാത്മ്യപ്പെടുന്ന ദൈവത്തിന്റെ സ്വയംശൂന്യവൽക്കരണമാണ് ഈ സമർപ്പണത്തിന്റെ മർമ്മം എന്ന വ്യക്തത. പരിശുദ്ധ പിതാവിനെ നമുക്ക് നൽകിയ ദൈവപരിപാലനയെ നമുക്ക് മഹത്വപ്പെടുത്താം.

ഈ രണ്ട് മാർപ്പാപ്പമാരുടെയും ജീവിതത്തിന്റെ പൊതുവായ സന്ദേശം കരുണയുടെയും പ്രേക്ഷിതനിറവിന്റെയും സമന്വയം സമ്മാനിക്കുന്ന സുവിശേഷാത്മകമായ ലാളിത്യത്തിന്റെ സൗന്ദര്യമാണ്. രണ്ടുപേരുടെയും ജീവിതവും സമീപനങ്ങളും സാക്ഷിച്ച, സാക്ഷിക്കുന്ന, ലാളിത്യം ആരെയും അതിശയിപ്പിക്കുന്നതാണ്. പ്രകടനപരതയുടെയും ആഡംബരാഭാസങ്ങളുടെയും ധൂർത്തിന്റെയും നിരന്തരമായ പ്രലോഭനങ്ങൾക്ക് വിധേയരാകുവാൻ നമ്മെ നിർബന്ധിക്കുന്ന സമകാലീന സംസ്കാരത്തിൽ ഈ മാർപാപ്പമാർ നമുക്ക് നൽകുന്ന സാക്ഷ്യവും പാഠവും ആത്മാർത്ഥമായ ആത്മവിശകലനത്തിനും വിമർശനത്തിനും സന്നദ്ധരാക്കണം. നമ്മുടെ പൊതുവായ ആഘോഷങ്ങളും പള്ളി പെരുന്നാളുകളും അതിനോടനുബന്ധിച്ച് നടത്തപ്പെടുന്ന റാസ പോലെയുള്ള കർമ്മങ്ങളുമൊക്കെ പലപ്പോഴും വലിയ എതിർ സാക്ഷ്യങ്ങളും ഉതപ്പുകളുമായി മാറുന്നു എന്ന് നാം മനസ്സിലാക്കണം. ആത്മീയത ചോർന്നുപോയ സഭാപരമായ നമ്മുടെ ആഘോഷങ്ങൾ ഒക്കെ വെറും 'കൂത്തുകൾ' ആയി മാറും. ഇതിനെതിരെ നിരന്തര ജാഗ്രത പുലർത്തുവാൻ നമ്മുടെ ക്രിസ്തീയ വിശ്വാസവും നമ്മിൽ പുലരേണ്ട സുവിശേഷ ചൈതന്യവും ഈ വത്സല മാർപാപ്പമാരുടെ ജീവിത സാക്ഷ്യവും നമ്മെ പ്രചോദിപ്പിക്കണം. ദൈവം നാമേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## ബസേലിയോസ് ജോസഫ് കാതോലിക്കബാവാ സ്ഥാനമേറ്റു

യാക്കോബായ സഭയുടെ പുതിയ കാതോലിക്കാ ബാവയായി ജോസഫ് മാർ ഗ്രിഗോറിയോസ്, ശ്രേഷ്ഠ കാതോലിക്ക മാർ ബസേലിയോസ് ജോസഫ് ബാവാ എന്ന നാമധേയത്തിൽ സ്ഥാനമേറ്റു. ലബനോനിലെ അച്ചാനെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് പാത്രിയാർക്കൽ കത്തീഡ്രലിൽ നടന്ന ചടങ്ങിൽ പരമാധ്യക്ഷൻ പരിശുദ്ധ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയാർക്കീസ് ബാവായാണ് ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവായെ സ്ഥാനാരോഹണം ചെയ്യിച്ചത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ ചടങ്ങിൽ സംബന്ധിച്ചു.

## പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിച്ചു

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 29 -മത് സാധാരണ പരിശുദ്ധ സുന്നഹദോസ് 2025 മാർച്ച് 10 മുതൽ 13 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. സഭയിലെ 16 പിതാക്കന്മാരും പരിശുദ്ധ സുന്നഹദോസിൽ സംബന്ധിച്ചു. മാർച്ച് 11 -ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയുടെ മുഖ്യകാർമികത്വത്തിലും സഭയിലെ മറ്റ് പിതാക്കന്മാരുടെ സഹകാർമ്മികത്വത്തിലും വിശുദ്ധ കുർബാന അർപ്പിച്ചു. 12-ാം തീയതി സഭയിലെ വിവിധ സുന്നഹദോസ് കമ്മീഷനുകളുടെ സെക്രട്ടറിമാരുടെ മീറ്റിങ്ങും, 13-ാം തിയതി സഭയിലെ സന്യാസ സമൂഹങ്ങളുടെ പ്രൊവിൻഷ്യൽ സുപ്പീരിയർമാരുടെയും, സുപ്പീരിയർ ജനറൽമാരുടെയും, ബൈബിൾ അപ്പോസ്തോലേറ്റ്

ഡയറക്ടർമാരുടെയും മീറ്റിങ്ങും സുന്നഹദോസ് പിതാക്കന്മാരോടൊപ്പം നടത്തപ്പെട്ടു. മലങ്കര സുറിയാനി കാത്തോലിക്കാ സഭയുടെ ശതാബ്ദിക്ക് ഒരുക്കമായുള്ള വചന വർഷാചരണത്തിന്റെ സമാപനവും പുനരൈക്യ വാർഷികവും സെപ്റ്റംബറിൽ പത്തനംതിട്ട ഭദ്രാസനത്തിൽ വച്ച് നടത്തപെടുമെന്നും 2025 – 26 ആരാധനാക്രമ വർഷമായി ആചരിക്കുമെന്നും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അറിയിച്ചു. മാർച്ച് 13 –ന് പരിശുദ്ധ സുന്നഹദോസ് സമാപിച്ചു.

## അഭിവന്ദ്യ മാത്യൂസ് മാർ പോളി കാർപ്പോസ് മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മാവേലിക്കര ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പോസിനെ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ നിയമിച്ചു. നിലവിലെ മെത്രാപ്പോലീത്ത അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് 75 വയസ്സ് പൂർത്തിയായതിനെ തുടർന്ന് രാജി സമർപ്പിച്ചതിനെത്തുടർന്നാണ് നിയമനം. അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പോസ് മെത്രാപ്പോലീത്തായ്ക്ക് പാറശ്ശാല ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ.

## ശ്രീ. ധർമരാജ് പിൻകുളം കെ.സി.എഫ്. വൈസ് പ്രസിഡന്റ്

കേരള കത്തോലിക്കാ സഭയുടെ പൊതു അല്മായ പ്രസ്ഥാനമായ കേരള കാത്തലിക്ക് ഫെഡറേഷന്റെ വൈസ് പ്രസിഡന്റായി പാറശ്ശാല ഭദ്രാസനാംഗം ശ്രീ. ധർമ്മരാജ് പിൻകുളം തിരഞ്ഞെടുക്കപ്പെട്ടു. പാറശ്ശാല ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ.

## നെയ്യാറ്റിൻകര രൂപതയ്ക്ക് പുതിയ സഹായമെത്രാൻ

നെയ്യാറ്റിൻകര രൂപതയുടെ പുതിയ സഹായ മെത്രാനായി, മോൺ. ഡോ. ഡി. സെൽവരാജിന്റെ മെത്രാഭിഷേക ശുശ്രൂഷ മാർച്ച് 25-ന് നെയ്യാറ്റിൻകര മുൻസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് നടത്തി. നെയ്യാറ്റിൻകര രൂപതാധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് സാമുവേൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന മെത്രാഭിഷേക ശുശ്രൂഷയിൽ ലത്തീൻ സഭയിലെയും മറ്റ് സഹോദരി സഭകളിലെയും അഭിവന്ദ്യ പിതാക്കന്മാർ സഹകാർമ്മികരായിരുന്നു.

പാറശ്ശാല ഭദ്രാസനത്തെ പ്രതിനിധികരിച്ച് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലിത്ത ശുശ്രൂഷയിൽ പങ്കെടുത്തു. അഭിവന്ദ്യ പിതാവിന് പാറശ്ശാല ഭദ്രാസനത്തിന്റെ ആശംസകൾ...

# ഭദ്രാസന വാർത്തകൾ

## New Appointments

| | |
|---|---|
| 1. Fr. John Paul | Director, MCMF |
| 2. Fr. John Punnara | Director, KSHEMA |
| 3. Fr. Varghese Naduthala | Director, MCCL |
| 4. Fr. Alexander Arathalackal | Director, Family Apostolate |
| 5. Fr. Samuel Puthenpurayil | Proto Presbyter, Balaramapuram Eccl. Dist. |
| 6. Fr. Anit Francis Mullassery | Chief Editor, Diocese Bulletin |

## മിഷൻ വാർത്തകൾ

### ജൂബിലി ഉദ്ഘാടനം



മേരിമക്കൾ സന്യാസിനി സമൂഹത്തിലെ വെണ്ണിയൂർ നിർമ്മല പ്രൊവിൻസിലെ റവ. സി. സോഫി റോസ് ഡി.എം., റവ. സി. ഷീൻ മരിയ ഡി.എം, റവ. സി. സംപ്രീത ഡി.എം. എന്നിവരുടെ രജത ജൂബിലി ഉദ്ഘാടനം വെണ്ണിയൂർ പ്രൊവിൻഷ്യൽ ഭവനത്തിൽ

വച്ച്, 2025 മെയ് 7 ന്  ബഹു. ബനഡിക്റ്റ് വാറുവിളയച്ചന്റെ കാർമ്മികത്വത്തിലുള്ള വി. കുർബാനയോടെ ആരംഭിച്ചു.

## ആദ്യവ്രത വാഗ്ദാനം




മേരിമക്കൾ സന്യാസിനി സമൂഹത്തിലെ വെണ്ണിയൂർ നിർമ്മല പ്രൊവിൻസിലെയും ചാന്ദ അമല പ്രൊവിൻസിലെയും നോവിസ്സസ് 2025 മെയ് 12 ന് വെണ്ണിയൂർ സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലി മദ്ധ്യേ പ്രഥമ വ്രതവാഗ്ദാനം നടത്തി, സി. യോഹന്ന തെരേസ്, സി. ആർഫി തെരേസ് എന്നീ സന്യാസ നാമങ്ങൾ സ്വീകരിച്ചു.

പാറശ്ശാല ഭദ്രാസന വികാരി ജനറാൾ മോൺ. ജോസ് കോണത്തുവിള, ചാൻസലർ റവ. ഫാ. ബിജോയ് ഊരാളിവിള, മേരിമക്കൾ സന്യാസിനി സമൂഹത്തിലെ സുപ്പീരിയർ ജനറൽ റവ. മദർ ലിഡിയ ഡി. എം., നിർമ്മല പ്രൊവിൻസിലെ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ ഫ്രാൻസിറ്റ മാത്യു ഡി. എം, ചാന്ദ അമല പ്രൊവിൻസിലെ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ കൃപ മരിയ ഡി. എം, മാർത്താണ്ഡം സെന്റ് ജോസഫ് പ്രൊവിൻസിലെ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ റോസ് ഫ്രാൻസിസ്, ബഹു. വൈദികർ, സിസ്റ്റേഴ്സ് എന്നിവർ ചടങ്ങിൽ  സന്നിഹിതരായിരുന്നു.

## ആദരാഞ്ജലികൾ



മേരിമക്കൾ സന്യാസിനി സമൂഹത്തിലെ, വെണ്ണിയൂർ നിർമ്മലാ പ്രോവിൻസിലെ സി. ബൊനവെഞ്ചർ കർത്താവിൽ നിദ്രപ്രാപിച്ചു. പാറശ്ശാല ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!!!



# എം.സി.വൈ.എം.

## അസ്സീസിയൻ ലോഗോസ്



പാറശ്ശാല ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ 2025 വർഷത്തെ കർമപരിപാടികളുടെ ഉദ്ഘാടനം 2025 മാർച്ച് 16 ഞായറാഴ്ച ചാരോട്ടുകോണം സെന്റ്. ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത നിർവഹിച്ചു. ഭദ്രാസന ആനിമേറ്റർ ബഹു. സി. മെർലിൻ മരിയ ഡി.എം. പതാക ഉയർത്തി പരിപാടികൾക്ക് ആരംഭം കുറിച്ചു. തുടർന്ന് ഭദ്രാസന പ്രസിഡന്റ് ശരത് ലാൽ റ്റി. എസ്സിന്റെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം അഭിവന്ദ്യ പിതാവ് തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്തു. അതിനോടനുബന്ധിച്ച് ഈ വർഷത്തെ കർമ്മ പരിപാടികൾ അസ്സീസിയൻ ലോഗോസ് അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു, ഒപ്പം ആതിഥേയത്വം വഹിക്കുന്ന പാറശ്ശാല വൈദിക ജില്ലയുടെയും, കാട്ടാക്കട വൈദികജില്ലയുടെയും ചെമ്പൂർ വൈദികജില്ലയുടെയും ചാരോട്ടുകോണം യൂണിറ്റിന്റെയും കർമ്മപരി

പാടികൾ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു.  സഭാതല ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്, പാറശ്ശാല വൈദിക ജില്ലാ വികാരി ഫാ. തോമസ് ഈട്ടികാലായിൽ, ജില്ലാ പ്രസിഡന്റ് അജിൻ, യൂണിറ്റ് പ്രസിഡന്റ് അജീഷ് എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് ലഹരി വിരുദ്ധ പ്രതിജ്ഞ സഭാതല സിന്റിക്കേറ്റ് മാർട്ടിൻ ആർ പി യുവജനങ്ങൾക്ക് ചൊല്ലി ക്കൊടുത്തു. പങ്കുവയ്ക്കലുകളിലൂടെയും സംഗീത വിരുന്നിലൂടെയും നെയ്യാറ്റിൻകര ജീസസ് യൂത്ത് ടീം അംഗങ്ങളും അനിറ്റ് ഫ്രാൻസിസ് മുല്ലശ്ശേരി അച്ചനും യുവജനങ്ങളെ ആവേശഭരിതരാക്കി. പാറശ്ശാല ഭദ്രാ സന വികാരി ജനറൽ മോൺ. സെലിൻ ജോസ് കോണത്തുവിള അച്ചൻ സമാപന സന്ദേശം നൽകി. കർമ്മപരിപാടി ഉദ്ഘാടനത്തിനായി മനോ ഹരമായ വേദി ഒരുക്കിയ ചാരോട്ടുകോണം ഇടവക കൂട്ടായ്മയ്ക്കും ആതിഥേയത്വം വഹിച്ച പാറശ്ശാല വൈദിക ജില്ലയ്ക്കും ഹൃദയം നിറഞ്ഞ നന്ദി. പാറശ്ശാല ഭദ്രാസനത്തിലെ 400 ഓളം യുവജനങ്ങൾ അസ്സീ സിയൻ ലോഗോസിൽ പങ്കെടുത്തു.

## അസ്സീസിയൻസ്@ കാൽവരി



പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കുരിശുമല തീർത്ഥാടനം അസ്സീസിയൻസ്@കാൽവരി 2025 ഏപ്രിൽ 13, ഞായറാഴ്ച ഉച്ചക്ക് 3 മണിക്ക് നീരാഴിക്കോണം കുരിശുമലയിൽ നടത്തപ്പെട്ടു. ചെമ്പൂർ വൈദികജില്ലയുടെ ആതിഥേയത്വത്തിൽ നട ക്കുന്ന കുരിശുമല തീർത്ഥാടനത്തിൽ പാറശ്ശാല ഭദ്രാസനത്തിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.

## അസ്സീസിയൻസ്@ താബോർ - കാട്ടാക്കട വൈദികജില്ല



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി നടക്കുന്ന നേതൃത്വ പരിശീലന ക്യാമ്പ് അസ്സീസിയൻസ് @ താബോർ കാട്ടാക്കട വൈദിക ജില്ലയിലെ യുവജനങ്ങൾക്കായി മലയിൻകീഴ് സെന്റ് ജോസഫ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് മെയ് 11 ഞായറാഴ്ച നടന്നു. ഭദ്രാസന ആനിമേറ്റർ സിസ്റ്റർ മെർലിൻ മരിയ ഡി എമും ഡയറക്ടർ ജെറോം കുന്നിൻപുറത്ത് അച്ചനും ലെക്സിയോ ഡിവിനയ്ക്ക് നേതൃത്വം നൽകി. ഭദ്രാസന ജനറൽ സെക്രട്ടറി ജിജോ ഇമ്മാനുവൽ യുവജനങ്ങളിൽ നേതൃത്വ ഗുണം എങ്ങനെ വളർത്തിയെടുക്കാം എന്നു സംസാരിച്ചു. ഭദ്രാസന കെ.സി.വൈ.എം. സിൻഡിക്കേറ്റ് അഗസ്റ്റിൻ ജോൺ യുവജനങ്ങൾക്കായി ആക്ടിവിറ്റി സെഷൻ നയിച്ചു. ബഹു. അനിറ്റ് മുല്ലശ്ശേരി അച്ചൻ 2025 വർഷത്തെ എം.സി.വൈ.എം. തീം യുവജനങ്ങളുമായി പങ്കുവെച്ചു. ഭദ്രാസന ട്രഷറർ അപർണ ഏ വിൽസൺ നന്ദി അറിയിച്ചു സംസാരിച്ചു. നേതൃത്വ പരിശീലനത്തിന്റെ ക്രമീകരണങ്ങൾക്ക് ഭദ്രാസന സമിതി നേതൃത്വം നൽകി.

### ആത്മ 2025

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് സഭാതല സമിതിയുടെ നേതൃത്വത്തിൽ 2025 മെയ് 20-ാം തീയതി പാറശ്ശാല ഭദ്രാസനത്തിന്റെ

ആതിഥേയത്തിൽ സുവാർത്ത പാസ്റ്ററൽ അനിമേഷൻ ആൻഡ് റിന്യൂവൽ സെന്ററിൽ (SPARC) വച്ച് എല്ലാ ഭദ്രാസന ജില്ലാ/മേഖലാ തല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ലേ-ആനിമേറ്റേഴ്സ് എന്നിവർക്കായി ആത്മ 2025 എന്ന പേരിൽ ഡയറക്ടേഴ്സ്- ആനിമേറ്റഴ്സ് മീറ്റ് സംഘടിപ്പിക്കപ്പെട്ടു.

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സിസ്റ്റർ ആനിമേറ്റർ മെർലിൻ മരിയ ഡി.എം. എം.സി.വൈ.എം. പതാക ഉയർത്തി ആരംഭിച്ച ആത്മ 2025 മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്തു.

സഭാതല പ്രസിഡൻറ് ശ്രീ. മോനു ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിന് സഭാതല ജനറൽ സെക്രട്ടറി ലിനൂ ഡാനിയേൽ സ്വാഗതം അർപ്പിച്ചു. എം.സി.വൈ.എം. സഭാതല ഡയറക്ടർ റവ. ഫാ. ഡോ. പ്രഭീഷ് ജോർജ് ആമുഖ സന്ദേശം നൽകി, തുടർന്ന് പാറശ്ശാല ഭദ്രാസന ഡയറക്ടർ ഫാ. ജെറോം കുന്നിൻപുറത്ത്, ഭദ്രാസന പ്രസിഡന്റ് ശരത് ലാൽ തുടങ്ങിയവർ ആശംസകൾ അറിയിച്ചു. സഭാതല ആനിമേറ്റർ വി. സി. ജോർജുകുട്ടി പാറശ്ശല ഭദ്രാസന ആനിമേറ്റർ സിസ്റ്റർ മെർലിൻ മരിയ ഡി. എം. എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

# കെ.സി.എസ്.എൽ.

## കെ.സി.എസ്.എൽ. പ്രസ്ഥാനത്തിന് സംസ്ഥാനതലത്തിൽ പുതിയ നേതൃത്വം

2025 മേയ് 1, 2, 3 തീയതികളിൽ വരാപ്പുഴ മഞ്ഞുമ്മൽ ധ്യാന കേന്ദ്രത്തിൽ നടന്ന ലീഡർഷിപ്പ് ട്രെയിനിങ് ക്യാമ്പിൽ, അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ, 2025–27 വർഷങ്ങളിലേക്കുള്ള പുതിയ ഭരണസമിതി സത്യപ്രതിജ്ഞ ചെയ്തു.

സംസ്ഥാന പ്രസിഡന്റായി, മലങ്കര കത്തോലിക്കാ സഭയിൽ, പാറശ്ശാല രൂപതയിൽ നിന്നും ശ്രീ. ജോയ് ഫ്രാൻസിസ് മുല്ലശ്ശേരി, ജനറൽ ഓർഗനൈസറായി ശ്രീ. ജോസ് അനൂപ് കൊച്ചി രൂപത, ജനറൽ ട്രഷററായി ശ്രീ. സോയി കളമ്പാട്ട് എറണാകുളം അങ്കമാലി അതിരൂപത, വൈസ് പ്രസിഡന്റ്മാരായി ശ്രീ. സിജെ ആന്റണി വരാപ്പുഴ, ശ്രീ. സോജൻ ചാക്കോ ചങ്ങനാശ്ശേരി, എക്സിക്യൂട്ടീവ് മെമ്പേഴ്സായി ശ്രീ. ജിജോ മാത്യു പാലാ, ശ്രീ. ബോബി ജോൺ മാവേലിക്കര, ശ്രീമതി ആലീസ് ഫെർണാണ്ടസ് തിരുവനന്തപുരം ലത്തീൻ അതിരൂപത, ശ്രീ. ജോമോൻ തോമസ് ചങ്ങനാശ്ശേരി എന്നിവരാണ് പുതിയ സംസ്ഥാന സമിതി അംഗങ്ങൾ.



# കുടുംബപ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ



പാറശ്ശാല ഭദ്രാസനത്തിലെ കുടുംബപ്രേക്ഷിത കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ, വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്ന യുവതി- യുവാക്കളുടെ ഒരു ക്യാമ്പ് SPARC പാസ്റ്ററൽ സെന്ററിൽ വച്ച് മാർച്ച് 8 ശനിയാഴ്ച നടക്കുകയുണ്ടായി. മുപ്പതോളം പേർ പങ്കെടുത്ത ഈ ക്യാമ്പിൽ ഡോ. ജോയി ജോൺ ക്ലാസുകൾ എടുക്കുകയുണ്ടായി. ഒരുക്കത്തിന്റെ ഈ ക്ലാസ്സിൽ ഫാ. ബോസ്കോ ചാലറയ്ക്കൽ ധ്യാനം നയിച്ചു, അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ആമുഖ സന്ദേശം നൽകി. പരിപാടികൾക്ക് ഡയറക്ടർ, ആനിമേറ്റർ എന്നിവർ നേതൃത്വം വഹിച്ചു.

2025 മാർച്ച് 14, 15, 16 തീയതികളിൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുത്തവർക്ക്, കുടുംബ ജീവിതത്തെക്കുറിച്ചുള്ള ക്ലാസുകൾ നൽകിയതോടൊപ്പം തന്നെ ചർച്ചകളും കൾച്ചറൽ പ്രോഗ്രാമും ഞായറാഴ്ച, മാതാപിതാക്കൾക്ക് വേണ്ടിയുള്ള പ്രത്യേക ക്ലാസുകളും നടത്തി.

# എം.സി.എ.



## മെഗാ മെഡിക്കൽ ക്യാമ്പ്




മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ.) പാറശ്ശാല ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ, ബാലരാമപുരം വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ വെണ്ണിയൂർ സെന്റ് ജോസഫ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വച്ച്, സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. 55 ഓളം വരുന്ന മെഡിക്കൽ ടീം അംഗങ്ങൾ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു. നിംസ് മെഡിസിറ്റി, എസ്.പി. മെഡി ഫോർട്ട്, ഡോ. അഗർവാൾസ് കണ്ണാശുപത്രി, ഡെന്റൽ കോളേജ്, ആർ.പി. ലബോറട്ടറി ക്ലിനിക്ക്, ആയുർവേദ ക്ലിനിക്ക് തുടങ്ങിയ വിവിധ ആശുപത്രികളുടെ സംഘാംഗങ്ങളാണ് രോഗികളെ പരിശോധിച്ചത് ലബോറട്ടറി വിഭാഗത്തിൽ 98 പേരും വിഭാഗത്തിൽ 36 പേരും ഇ.സി.ജി., ഇ,എൻ.റ്റി. വിഭാഗത്തിൽ 35 പേരും കാർഡിയോളജി വിഭാഗത്തിൽ പതിനെട്ടുപേരും ജനറൽ മെഡിസിൻ വിഭാഗത്തിൽ 94 പേരും ആയുർവേദ ക്ലിനിക്കൽ

32 പേരും പീഡിയാട്രിക് വിഭാഗത്തിൽ 15 പേരും ഡോ. അഗർവാൾസ് നേത്ര ആശുപത്രിയുടെ കീഴിൽ നടത്തിയ നേത്ര പരിശോധന ക്യാമ്പിൽ 65 പേരും പങ്കെടുത്തു. പ്രസ്തുത ക്യാമ്പിന് ഭദ്രാസന പ്രസിഡന്റ് സബീഷ് പീറ്റർ തിരുവല്ലം, ജില്ലാ പ്രസിഡന്റ് അഡ്വ. രാജയ്യൻ, കെ. സി.എഫ്. മെമ്പർ സെബാസ്റ്റ്യൻ പൗലോസ്, ജില്ലാ സമിതി റീനാമോൾ തുടങ്ങിയവർ നേതൃത്വം നൽകി. ക്യാമ്പിൽ ഫാ. ജോർജ് വെട്ടിക്കാട്ടിൽ ലയൺസ് ക്ലബ്ബ് പ്രസിഡന്റ് ശ്രീ. ഷാജി ഡിക്രൂസ്, ഫാ. സമുവൽ പുത്തൻപുരയിൽ തുടങ്ങിയവർ ആശംസകൾ നേർന്നു. പ്രസ്തുത ക്യാമ്പിൽ കെ.സി.എഫ്. വൈസ് പ്രസിഡന്റ് ധർമ്മരാജ് പിൻകുളം, ഭദ്രാസന ജനറൽ സെക്രട്ടറി അനീഷ് വടകര, സഭാതല മാനേജിംഗ് കമ്മിറ്റിയംഗം മോഹനൻ കണ്ണറവിള, നെയ്യാറ്റിൻകര വൈദിക ജില്ലാ പ്രസിഡന്റ് ബൈജു മേക്കോണം, ബാലരാമപുരം വൈദിക ജില്ലാ ജനറൽ സെക്രട്ടറി ബിനു ബാലരാമപുരം, ബാലരാമപുരം ട്രഷറർ സ്റ്റീഫൻ തെങ്ങറക്കോണം എന്നിവർ ക്യാമ്പ് സന്ദർശിച്ച വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

## കാട്ടാക്കട വൈദിക ജില്ലാ കർമ്മപദ്ധതി ഉദ്ഘാടനം




എം.സി.എ. കാട്ടാക്കട വൈദിക ജില്ലാ കർമ്മപദ്ധതി ഉദ്ഘാടനം അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവ് നിർവഹിച്ചു. കാട്ടാക്കട

ജില്ലാ പ്രസിഡന്റ് ശ്രീ. തങ്കരാജിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളന ത്തിൽശ്രീമതി രജി പ്രവീൺ ബൈബിൾ വായിക്കുകയും, ജില്ലാ സെക്രട്ടറി ശ്രീ. ലോറൻസ് സ്വാഗതവും ജില്ലാ ഡയറക്ടർ അബിൻ മുല്ലക്കൽ ആമുഖ പ്രഭാഷണവും നടത്തി. ഭദ്രാസന ഡയറക്ടർ ഫാ. തോമസ് പൊറ്റപ്പു രയിടം, ഭദ്രാസന പ്രസിഡന്റ് ശ്രീ. സബീഷ് പീറ്റർ, ഭദ്രാസന സെക്രട്ടറി ശ്രീ. അനീഷ്, തച്ചോട്ടുകാവ് യൂണിറ്റ് പ്രസിഡന്റ് ശ്രീ. ലിയോൺ എന്നി വർ ആശംസകൾ അറിയിച്ചു സംസാരിച്ചു. ജില്ലാ ട്രഷറർ ശ്രീ. ബോസ്രാജ് നന്ദിയും രേഖപ്പെടുത്തി.

## മുതിർന്ന അല്മായരെ ആദരിക്കൽ



എം.സി.എ. യുടെ സ്വർഗീയ മധ്യസ്ഥനായ വി. യൗസേപ്പ് പിതാ വിന്റെ ദുക്റോനോ തിരുനാളിനോടനുബന്ധിച്ച് നെയ്യാറ്റിൻകര വൈദിക ജില്ലയുടെ നേതൃത്വത്തിൽ, വിവിധ യൂണിറ്റുകളിൽ മുതിർന്ന അല്മാ യരെ ആദരിക്കൽ ചടങ്ങുകൾ ക്രമീകരിച്ചു. പാറശ്ശാല ഭദ്രാസനസമിതി ആലുവിള പള്ളിയിലെ 91 വയസ്സ് പ്രായമുള്ള ഉപദേശിയെ പൊന്നാട ചാർത്തി ആദരിച്ചു. മുതിർന്ന അല്മായരെ ആദരിക്കൽ ചടങ്ങുകൾ ക്രമീകരിച്ച എല്ലാ ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാർക്കും പ്രസിഡന്റു

മാർക്കും സെക്രട്ടറിമാർക്കും ജില്ലാ ഭരണസമിതി അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

## എം.സി.എ. ലൈറ്റ് 2025

തിരുവല്ല MACFAST ൽ നടന്ന എം.സി.എ. ലൈറ്റ് 2025 ൽ പാറശ്ശാല ഭദ്രാസനത്തിൽ നിന്നും 9 കുട്ടികൾ പങ്കെടുത്തു.

## കുടുംബസംഗമം



മലങ്കര കാത്തലിക് അസോസിയേഷൻ പാറശ്ശാല ഭദ്രാസന നെയ്യാറ്റിൻകര വൈദിക ജില്ല കാഞ്ഞിരംകുളം യൂണിറ്റ് കുടുംബസംഗമം സംഘടിപ്പിച്ചു. കുടുംബ സംഗമത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സമ്മേളനത്തിൽ ഇടവക വികാരിയും ജില്ലാ വികാരിയുമായ റവ. ഫാ. ഗീവർഗീസ് ജോർജ്ജ് ഒ.ഐ.സി. അധ്യക്ഷനായിരുന്നു. റവ. ഫാ. മാത്യു മണൽവിള ഒ.എ.സി., അസിസ്റ്റൻറ് ജനറൽ ബഥനി കോൺഗ്രിഗേഷൻ കോട്ടയം ഉദ്ഘാടനം ചെയ്ത യോഗത്തിൽ എം.സി.എ. പാറശ്ശാല ഭദ്രാസന പ്രസിഡൻറ് ശ്രീ. സബീഷ് പീറ്റർ, എം.സി.എ. നെയ്യാറ്റിൻകര വൈദിക ജില്ലാ പ്രസിഡന്റ് ശ്രീ. ബൈജു മേക്കോണം, ജില്ലാ

വികാരിയും ഇടവകവികാരിയുമായ റവ. ഫാ. ഗീവർഗീസ് ജോർജ്ജ് ഒ.ഐ.സി., എം.സി.എ. നെയ്യാറ്റിൻകര വൈദിക ജില്ലാ ഡയറക്ടർ റവ. ഫാ. അനി സഖറിയ എന്നിവർ ആശംസകളർപ്പിച്ചു. എം.സി.എ. നെയ്യാറ്റിൻകര വൈദിക ജില്ല സെക്രട്ടറിയും എം.സി.എ. കാഞ്ഞിരംകുളം യൂണിറ്റിന്റെ ഉപരി സമിതി അംഗവുമായ ശ്രീ. ഷൈൻ എൽ. സ്റ്റീഫൻ നന്ദിയർപ്പിച്ചു.

## പാറശ്ശാല വൈദിക ജില്ലാ കർമ്മപദ്ധതി ഉദ്ഘാടനം




മലങ്കര കാത്തലിക് അസോസിയേഷൻ പാറശ്ശാല വൈദിക ജില്ലയുടെ 2025 വർഷത്തെ കർമ്മപദ്ധതിയുടെ ഉദ്ഘാടനം 2025 മാർച്ച് 23-ാം തീയതി ഉച്ചയ്ക്കുശേഷം മൂന്നുമണിക്ക് പാറശ്ശാല ഭദ്രാസനാധ്യക്ഷൻ മോസ്റ്റ് റവ. ഡോ. തോമസ് മാർ യൗസേബിയൂസ് തിരുമേനി, കുടയാൽ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നിർവഹിച്ചു. എം.സി.എ. അംഗങ്ങൾ ഇടവക തലത്തിൽ വിശ്വാസ ജീവിതം നയിച്ച് മറ്റുള്ളവർക്ക് മാതൃകയാകണമെന്ന് അഭിവന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു. ഈ വർഷത്തെ കർമ്മപദ്ധതി കുടയാൽ യൂണിറ്റ് പ്രസിഡന്റിന് കൈമാറിക്കൊണ്ട് അഭിവന്ദ്യ പിതാവ് പ്രകാശന കർമ്മം നിർവഹിച്ചു.

പാറശ്ശാല വൈദിക ജില്ലാ പ്രസിഡന്റ് ശ്രീ. ഷൈൻ കുമാറിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ശ്രീ ജോൺ കെ. സ്വാഗതമാശംസിച്ചു. സ്പിരിചൽ ഡയറക്ടർ റവ ഡോ. വർഗീസ് നടുതല ആമുഖ പ്രഭാഷണവും മുഖ്യാശംസയർപ്പിച്ചുകൊണ്ട് പാറശ്ശാല വൈദിക ജില്ലാ വികാരി റവ. ഫാ. തോമസ് ഈട്ടിക്കാലയും സംസാരിച്ചു. തുടർന്ന് ആശംസകൾ നേർന്നുകൊണ്ട് എം.സി.എയുടെ ഭദ്രാസന പ്രസിഡന്റ് ശ്രീ. സബീഷ് പീറ്റർ തിരുവല്ലം, കെ.സി.എഫ്. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ധർമ്മരാജ്, എം.സി.എ. സഭാതല വൈസ് പ്രസിഡന്റ് ശ്രീമതി ഷേർളി ഭദ്രാസന വൈസ് പ്രസിഡന്റ്

ശ്രീ. ജോൺ ഷൈജു എന്നിവർ പ്രസംഗിച്ചു. എം.സി.എ. ട്രഷറർ ശ്രീ. സനിൽ നന്ദിയർപ്പിച്ചു.

## ബാലരാമപുരം വൈദിക ജില്ലാ കർമ്മപദ്ധതി ഉദ്ഘാടനം




മലങ്കര കാതലിക് അസോസിയേഷൻ ബാലരാമപുരം വൈദിക ജില്ലാസമിതിയുടെ നേതൃത്വത്തിൽ കർമ്മപദ്ധതി ഉദ്ഘാടനവും രോഗി സഹായ വിതരണവും കിറ്റ് വിതരണവും മുല്ലൂർ സെന്റ് ഫ്രാൻസിസ് അസ്സീസി ദൈവാലയത്തിൽ വച്ച് നടത്തി. പാറശാല ഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. സെലിൻ ജോസ് കോണത്തുവിള ഉദ്ഘാടനം ചെയ്തു. ആമുഖ പ്രഭാഷണം ജില്ലാ സ്പിരിചൽ ഡയറക്ടർ ഫാ. തോമസ് കോയിപ്പുറത്തും, മുഖ്യസന്ദേശം ജില്ലാ വികാരി റവ. ഫാ. ജോർജ് വെട്ടി ക്കാട്ടിലും നടത്തി. ജില്ലാ പ്രസിഡന്റ് അഡ്വ. രാജയ്യൻ വെണ്ണിയൂർ അധ്യ ക്ഷത വഹിച്ച യോഗത്തിൽ, ഭദ്രാസന സ്പിരിചൽ ഡയറക്ടർ ഫാ. തോമസ് പൊറ്റപുരയിടം, ഭദ്രാസന പ്രസിഡന്റ് സബീഷ് പീറ്റർ തിരു വല്ലം, കെ.സി.എഫ്. സംസ്ഥാന വൈസ് പ്രസിഡന്റ് ധർമ്മരാജ് പിൻകുളം ഇടവക വികാരി റവ. ഫാ. അലക്സാണ്ടർ അറത്തലയ്ക്കൽ, ഭദ്രാസന ജനറൽ സെക്രട്ടറി അനീഷ് വടകര, ബിനു ബാലരാമപുരം, സുദർശൻ മുല്ലൂർ, അനിൽകുമാർ, സ്റ്റീഫൻ തെങ്കറകോണം, മേഴ്സി പൊറ്റയിൽ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് വിവിധ യൂണിറ്റുകളിൽ നിന്ന് എത്തി യവർക്ക് രോഗി സഹായ വിതരണവും കിറ്റ് വിതരണവും നിർവഹിച്ചു.

# ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്തായുടെ ഛായചിത്ര പ്രയാണം



ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്തയുടെ 28-ാം ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് മലങ്കര കാത്തലിക് അസോസിയേഷൻ പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടത്തിയ ഛായചിത്ര പ്രയാണം മാർത്താണ്ഡം ഭദ്രാസന മെത്രാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവും പാറശ്ശാല ഭദ്രാസന മെത്രാൻ തോമസ് മാർ യൗസബിയോസ് പിതാവും ചേർന്ന് നിർവഹിച്ചു. മാർ അപ്രേം നഗർ, കാഞ്ഞിരംകുളം, പാമ്പുകാല, പൂവാർ, ആലുവിള, കുഴിഞ്ഞാൻവിള, പിൻകുളം, ചായ്കോട്ടുകോണം, വന്യക്കോട്, കുഴിത്തുറ എന്നീ പള്ളികളിൽ എത്തിയ പ്രാർഥന നിർഭരമായ ഛായചിത്ര പ്രയാണത്തിന് ഭദ്രാസന പ്രസിഡന്റ് സബീഷ് പീറ്റർ തിരുവല്ലം, ഭദ്രാസന സ്പിരിചൽ ഡയറക്ടർ ഫാ. തോമസ് പൊറ്റപുരയിടം, ജില്ലാ വികാരി ഫാ. ഷാജി, ജില്ലാ വൈദിക ഉപദേഷ്ടാവ് ഫാ. അനി സക്കറിയ, പാറശ്ശാല വൈദിക ഉപദേഷ്ടാവ് ഫാ. വർഗീസ് നടുതല, ജോൺ ഷൈജു ചെറുവാരക്കോണം, അനീഷ് വടകര, സുമനലാൽ ചെമ്പൂര്, ധർമരാജ് പിൻകുളം, മോഹനൻ കണ്ണറവിള, ബൈജു മേക്കോണം, ഷൈൻ കുടയൽ, ഷൈൻ എൽ സ്റ്റീഫൻ, ഇന്നസെന്റ് ചായ്കോട്ടുകോണം, ബേബി ആലുവിള, ജോൺ ചാരോട്ടുകോണം, ജയാ തോമസ് എന്നിവർ നേതൃത്വം നൽകി.

## എം.സി.എ. പാറശ്ശാല ഭദ്രാസന സമിതി ഓഫീസ് ഉദ്ഘാടനം






മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ.) പാറശ്ശാല ഭദ്രാസന സമിതി ഓഫീസിന്റെ ഉദ്ഘാടനം 2025 മെയ് നാലാം തീയതി, ഞായറാഴ്ച വൈകുന്നേരം 6.30 ന് എം.സി.എ. സഭാതല പ്രസിഡന്റ് ശ്രീ. എസ്. ആർ. ബൈജു ഉദ്ഘാടനം നിർവഹിച്ചു. ഭദ്രാസന പ്രസിഡന്റ് സബീഷ് പീറ്റർ തിരുവല്ലം അധ്യക്ഷത വഹിച്ചു. ഭദ്രാസന ജനറൽ സെക്രട്ടറി അനീഷ് വടകര സ്വാഗതം ആശംസിച്ചു. ആശംസകൾ അർപ്പിച്ചുകൊണ്ട് എം.സി.എ. സഭാതല ട്രഷറർ അഡ്വ. എൽദോ പൂകുന്നൽ ഡൽഹിയിൽ നിന്നുള്ള എം.സി.എ. സഭാ എക്സിക്യൂട്ടീവ് അംഗം വർഗീസ് മാമൻ, പൂനയിൽ നിന്നുള്ള എം.സി.എ. എക്സിക്യൂട്ടീവ് മെമ്പർ ജോജി, എം.സി.എ. മുൻ ജന. സെക്രട്ടറിയും കെ.സി.എഫിന്റെ സംസ്ഥാന വൈസ് പ്രസിഡന്റുമായ ധർമ്മരാജ് പിൻകുളം, എം. സി.എ. സഭാതല മുൻ പ്രസിഡന്റ് അഡ്വ. പോൾരാജ് മാർത്താണ്ഡം, അഡ്വ. രാജയ്യൻ, സെബാസ്റ്റ്യൻ പൗലോസ് എന്നിവർ പ്രസംഗിച്ചു. ജില്ലാ യൂണിറ്റ് തല അംഗങ്ങളും പ്രസ്തുത പ്രോഗ്രാമിൽ പങ്കെടുത്തു.

## അല്മായ ദിനാഘോഷവും ഫ്രാൻസിസ് മാർപാപ്പ അനുസ്മരണവും

മലങ്കര കാത്തലിക് അസോസിയേഷൻ സഭാതല സമിതിയുടെ അല്മായ ദിനാഘോഷവും ഫ്രാൻസിസ് മാർപാപ്പ അനുസ്മരണവും പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ്





ഉദ്ഘാടനം ചെയ്തു. സഭാതല പ്രസിഡന്റ് എസ്. ആർ. ബൈജു അധ്യക്ഷത വഹിച്ചു . സഭാതല ഭാരവാഹികളായ രാജേന്ദ്ര ബാബു മാർത്താണ്ഡം, അഡ്വ. എൽദോ പൂകുന്നേൽ മൂവാറ്റുപുഴ, ഭദ്രാസന പ്രസിഡന്റ് സബീഷ് പീറ്റർ തിരുവല്ലം, റജി നല്ലല, ഷാജി തോമസ് ബത്തേരി, ഫാ. മാത്യൂസ് കുഴിവിള, ഫാ. തോമസ് പൊറ്റപുരയിടം, ഫാ. അർനോൾഡ് മാർത്താണ്ഡം, ഫാ. തോമസ് ഇട്ടികാല, ഫാ. അനി സഖറിയ, ബറ്റ്സി വർഗീസ്, ഷെർളി കൂടയൽ, അഡ്വ. ബിനോ ജോർജ്, ലാലി ജോസ്, വർഗ്ഗീസ് മാമൻ ഡൽഹി, ജോജി പൂന, വർഗ്ഗീസ് മാർത്താണ്ഡം, ധർമരാജ് പിൻകുളം, റെജിമോൻ തിരുവനന്തപുരം, അനിൽ വെള്ളൂർകോണം, അനീഷ് വടകര എന്നിവർ പ്രസംഗിച്ചു. എം.സി.എ. പാറശ്ശാല ഭദ്രാസന സമിതി ആതിഥേയത്വം വഹിച്ച സമ്മേളനത്തിൽ, ഭദ്രാസന ഭാരവാഹികൾ നേതൃത്വം നൽകി.



# MCMF

## പഠനോപകരണ വിതരണവും, പരിസ്ഥിതി ദിനാഘോഷവും പുതിയ ഡയറക്ടർക്ക് സ്വാഗതവും



മലങ്കര കാത്തലിക് മദേഴ്സ് ഫോറം, പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ, പാറശ്ശാല വൈദിക ജില്ലയിലെ ചെറുവാരക്കോണം, വി. പത്താം പീയൂസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച്, 24/05/2025 ഞായറാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് പഠനോപകരണ വിതരണവും,പരിസ്ഥിതി ദിനാഘോഷവും നടത്തപ്പെട്ടു. ഭദ്രാസന പ്രൊക്കുറേറ്റർ റവ. ഫാ. ബർണാഡ് വലിയവിള ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ ഭദ്രാസന പ്രസിഡന്റ് ശ്രീമതി പ്രവിതാ ബെൻസികർ അധ്യക്ഷത വഹിക്കുകയും, 10 -ാം ക്ലാസിൽ ഉന്നത വിജയം കരസ്ഥമാക്കിയ നിർധനരായ കുട്ടികൾക്ക് പഠനോപകരണ വിതരണവും, പരിസ്ഥിതി ദിനാഘോഷവും നടത്തപ്പെട്ടു. ഏഴര വർഷക്കാലം ഭദ്രാസനത്തിലെ അമ്മമാരെ ക്രിസ്തു ചൈതന്യത്തിൽ ആഴപ്പെടുത്തി ആത്മീയ ഉണർവ്വ് നൽകിയ റവ. ഫാ. ജോസ് പാറയിൽകടയ്ക്ക് നന്ദിയും, മുൻപോട്ടുള്ള ആത്മീയ യാത്രയിൽ അമ്മമാർക്ക് കരുത്ത് പകരാൻ നിയുക്തനായ റവ. ഫാ. ജോൺ പോൾ പൂവൻവിളക്ക് സ്വാഗതവും ആശംസിച്ചു.

## നോമ്പുകാല ധ്യാനവും വാർഷിക സെനറ്റും




MCMF അമ്മമാർക്കായി നോമ്പുകാല ധ്യാനം, അഞ്ചു വൈദിക ജില്ലകളിലും വിവിധ ദൈവാലയങ്ങളിലായി നടത്തപ്പെട്ടു. ജില്ലാ സമിതി അംഗങ്ങൾക്കും ഭദ്രാസന സമിതി അംഗങ്ങൾക്കുമായി മാർച്ച് 31 –ന് പാറശ്ശാല വൈദിക ജില്ലയിലെ ധനുവച്ചപുരം സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ചും നടത്തി. പാറശ്ശാല വൈദിക ജില്ലാ MCMF ഡയറക്ടർ ബഹു. ബോസ്കോ ചാലറയ്ക്കൽ അച്ചൻ ധ്യാനചിന്തകൾ പങ്കുവയ്ക്കുകയും ആരാധന നടത്തുകയും ചെയ്തു.

തുടർന്ന്, വാർഷിക സെനറ്റ് നടത്തി. അഞ്ചു വൈദിക ജില്ലകളും ഭദ്രാസന സമിതിയും റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് 2024–25 വർഷത്തെ വാർഷിക അവലോകനവും 2025– 26 വർഷത്തെ കർമ്മപദ്ധതി ആസൂത്രണവും നടത്തി. ഭദ്രാസന പ്രസിഡന്റ് ശ്രീമതി പ്രവിതാ ബെൻസിഗർന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഭദ്രാസന ഡയറക്ടർ ബഹു. ജോസ് പാറയിൽകട അച്ചൻ ആമുഖ സന്ദേശം നൽകി. സഭാതല സെക്രട്ടറി ശ്രീമതി സിനി ബിനു, ജില്ലാ ഡയറക്ടർമാർ ആനിമേറ്റേഴ്സ്, ജില്ലാ സമിതി അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതയായിരുന്നു.

## 'സ്പെരാൻസ–25' കർമ്മപദ്ധതി ഉദ്ഘാടനവും വനിതാ ദിനാചരണവും

എം.സി.എം.എഫ്. ഭദ്രാസന കർമ്മപദ്ധതി ഉത്ഘാടനവും വനിതാ ദിനാചരണവും മാർച്ച് 31 –ന് പാറശ്ശാല വൈദിക ജില്ലയിലെ



ധനുവച്ചപുരം സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ച് നടത്തി. ഭദ്രാസന പ്രസിഡന്റ് ശ്രീമതി പ്രവിതാ ബെൻസിഗറിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഭദ്രാസനാധ്യക്ഷൻ അഭി. തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുകയും കർമ്മപദ്ധതി 'സ്പെരാൻസ-25' പ്രകാശനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു. ഭദ്രാസന സിസ്റ്റർ ആനിമേറ്റർ റവ. സി. കരുണ തെരേസ് ഡി.എം. സ്വാഗതം ചെയ്ത യോഗത്തിൽ ഭദ്രാസന ഡയറക്ടർ റവ. ഫാ. ജോസ് പാറയിൽകട ആമുഖസന്ദേശം നൽകി. സഭാതല സെക്രട്ടറി ശ്രീമതി സിനി ബിനു വനിതാ ദിന സന്ദേശം നൽകി. ജില്ലാ ഡയറക്ടർമാർ ആനിമാറ്റേഴ്സ് ജില്ലാ സമിതി അംഗങ്ങൾ സന്നിഹിതയായിരുന്നു.

പ്രസ്തുത സമ്മേളനത്തിൽ കെ.സി.ബി.സി. ബൈബിൾ അപ്പസ്തോലേറ്റ് നടത്തിയ ബൈബിൾ പകർത്തി എഴുത്ത് മത്സരത്തിൽ നാലാം സ്ഥാനം നേടിയ പാറശ്ശാല ഭദ്രാസനത്തിലെ പാറശ്ശാല വൈദിക ജില്ലയിലെ ധനുവച്ചപുരം പള്ളിയിലെ ശ്രീമതി ഷെർളിയെ ഭദ്രാസനാധ്യക്ഷൻ ആദരിച്ചു.



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## കെ ആർ.സി.സി. ഓസാനം ഫെസ്റ്റ്

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ കേരളാ റീജിയണൽ കോർഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എറണാകുളത്ത് വച്ച് നടന്ന ഓസാനം ഫെസ്റ്റിൽ പാറശ്ശാല സെൻട്രൽ കൗൺസിലിൽ നിന്നുള്ള മത്സരാർത്ഥികൾ പങ്കെടുക്കുകയും നിരവധി സമ്മാനങ്ങൾ നേടുകയും 5 -ാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

## കൗൺസിൽ മീറ്റിംഗ്

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പാറശ്ശാല സെൻട്രൽ കൗൺസിലിന്റെ 2024-2025 വർഷത്തെ 6-ാമത് കൗൺസിൽ മീറ്റിംഗ് 2025 മാർച്ച് 29-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് അരുവാട്ടുകോണം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് പ്രസിഡന്റ് ഐ. വേലപ്പന്റെ അധ്യക്ഷതയിൽ കൂടി. സിസ്റ്റർ പ്രീതാ രമണി ജ്ഞാന വായനയും സെക്രട്ടറി ബ്രദർ സജീവ് സ്വാഗതവും അർപ്പിച്ചു. തുടർന്ന് പ്രസിഡന്റ് അധ്യക്ഷപ്രസംഗവും പാറശ്ശാല സെൻട്രൽ കൗൺസിൽ ആധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ആന്റണി പ്ലാംപറമ്പിൽ അനുഗ്രഹ പ്രഭാഷണവും നടത്തി. സെക്രട്ടറി റിപ്പോർട്ടും ട്രഷറർ ബ്രദർ പൗലോസ് കണക്കും അവതരിപ്പിച്ചു



# സെമിനാരി വാർത്തകൾ

## ശെമ്മാശപട്ടം

പാറശ്ശാല ഭദ്രാസനത്തിന് വേണ്ടി ബ്രദർ ശാലോം ഭവൻ അഖിൽ പീറ്ററും ബ്രദർ പുത്തൻവീട് ജോബി ജോസഫും ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ തൃക്കയ്യാൽ മെയ് മാസം 16-ാം തീയതി രാവിലെ 7 മണിക്ക് പാറശ്ശാല സ്നേഹദീപം മൈനർ സെമിനാരിയിൽ വച്ച് ശെമ്മാശ പട്ടം സ്വീകരിച്ചു. വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ജോസ് കോണാത്തുവിള അച്ചനും ശെമ്മാശന്മാരുടെ വികാരിയച്ചന്മാരും മറ്റ് വൈദികരും സിസ്റ്റേഴ്സും വൈദിക വിദ്യാർഥികളും ശെമ്മാശന്മാരുടെ മാതാപിതാക്കന്മാരും സഹോദരങ്ങളും ബന്ധുക്കളും സന്നിഹിതരായിരുന്നു. മൈനർ സെമിനാരി റെക്ടർ അലോഷ്യസ് തുണ്ടുത്തട്ടിലച്ചനും വൈസ് റെക്ടർ അനിറ്റ് ഫ്രാൻസിസ് മുല്ലശ്ശേരിയിലച്ചനും ശുശ്രൂഷകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തി.



# Kshema Integrated Development Society (KIDS)

## ഇൻഫാം ഗ്രാമസമിതി സംഗമവും കർമ്മപദ്ധതി പ്രകാശനവും




ഇൻഫാം ഗ്രാമസമിതി സംഗമവും കർമ്മപദ്ധതി പ്രകാശനവും മാതൃക ഗ്രാമ ഉദ്ഘാടനവും ഇൻഫാം ഐഡി കാർഡ് വിതരണവും 2025 മാർച്ച് 2-ാം തീയതി, ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് കോട്ടവിള കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടന്നു. ഇൻഫാം പാറശ്ശാല കാർഷിക ജില്ലാ പ്രസിഡന്റ് ശ്രീ ധർമ്മരാജ് അധ്യക്ഷനായി രുന്ന യോഗം, ഫാ. തോമസ് മറ്റമുണ്ടയിൽ ഉദ്ഘാടനം ചെയ്തു. കൃഷി ഓഫീസർ ശ്രീമതി ലീന ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഫാ. ജോർജ് വെട്ടിക്കാട്ടിൽ നവകൃഷി രീതികളെക്കുറിച്ച് ക്ലാസ് നയിച്ചു. ഫാ. ജോൺ പുന്നാര ഏവരെയും സ്വാഗതം ചെയ്തു. പപ്പായ തൈ നൽകി മാതൃകാ ഗ്രാമ ഉത്ഘാടനം നടത്തി. ഇൻഫാം സംസ്ഥാന സമിതി അംഗം ശ്രീ. സനൽ കുമാർ ഏവർക്കും നന്ദി അറിയിച്ചു.

## കിറ്റ് വിതരണം



ക്ഷേമ ഇന്റഗ്രേറ്റഡ് ഡെവലപ്മെൻറ് സൊസൈറ്റിയുടെ നേതൃത്വത്തിൽ, നിർധനരായ രോഗികൾക്കുള്ള കിറ്റ് വിതരണം 2025 മാർച്ച് 11-ാം തീയതി നടത്തി. 54 പേർക്ക് കിറ്റുകൾ നൽകാൻ സാധിച്ചു. ഏകദേശം 31 പേർക്ക് ചികിത്സാ സഹായ ധനവിതരണം നടത്തി. ചികിത്സാസഹായം നൽകി

## യൂണിറ്റ് സന്ദർശനം



ക്ഷേമപ്രസ്ഥാനത്തിന് കീഴിലുള്ള യൂണിറ്റുകളുടെ സന്ദർശനം ഭദ്രാസന ഡയറക്ടർ ഫാ. ജോർജ് വെട്ടിക്കാട്ടിലിന്റെ നേതൃത്വത്തിൽ ക്ഷേമ ടീം നടത്തി വരുന്നു.

## അന്താരാഷ്ട്ര വനിതാ ദിനാചരണം




അന്താരാഷ്ട്ര വനിതാ ദിനാചരണം 2025 മാർച്ച് 16-ാം തീയതി ഉച്ചകഴിഞ്ഞ് 2.30ന് പൂവാർ സെന്റ് ആന്റണീസ് മലങ്കര കത്തോലിക്ക ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. അന്നേദിവസം ലണ്ടൻ പോസ്റ്റർ റിലീസിംഗ് നടന്നു. ശ്രീമതി പ്രവിത ബെൻസിഗർ അധ്യക്ഷയായ യോഗം, പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭി. തോമസ് മാർ യൗസേബി യോസ് പിതാവ് ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ് വെട്ടിക്കാട്ടിൽ, ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ, സി. ശോഭിത ഡി.എം. എന്നിവരും സംസാരിച്ചു. പ്രവർത്തനമേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതകളെ ആദരിക്കുകയും ചെയ്തു. അന്നേ ദിവസം കോഴിയും കൂടും വിതരണ ഉദ്ഘാടനം നടത്തപ്പെട്ടു. പങ്കെടുത്ത എല്ലാവർക്കും മാതൃക ഗ്രാമ രണ്ടാംഘട്ടം, പേര തൈ വിതരണം ചെയ്തു.

## യൂണിറ്റ് സെക്രട്ടറി മീറ്റിംഗ്



മാർച്ച് 27 ഉച്ചകഴിഞ്ഞ് 3 മണിക്ക്, ക്ഷേമയുടെ കൊടങ്ങാവിള

സെൻട്രൽ ഓഫീസിൽ വച്ച് യൂണിറ്റ് സെക്രട്ടറി മീറ്റിംഗ് നടക്കുകയും ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങളെ രൂപീകരിക്കുകയും ചെയ്തു.

## ഹൈടെക് കോഴിക്കൂട് വിതരണം



ഇൻഫാമും ക്ഷേമയും സംയുക്തമായി 2025 മാർച്ച് 27-ാം തീയതി, 51 ഹൈടെക് കോഴിക്കൂടും ഓരോ കൂടിലും 16 കോഴിക്കുഞ്ഞ് വീതവും വിതരണം ചെയ്തു.

## ഒറ്റ ഞാർ നെൽകൃഷി പരിശീലനം




ക്ഷേമയുടെ ആഭിമുഖ്യത്തിൽ, 2025 ഏപ്രിൽ 3-ാം തീയതി, ഒറ്റ ഞാർ നെൽകൃഷി പരിശീലനം നടന്നു. പഞ്ചായത്തുമായി ബന്ധപ്പെട്ടു നടന്നുവരുന്ന കൃഷി വ്യവസ്ഥിതികളുമായി ബന്ധപ്പെട്ട നൂതന കൃഷി

രീതികൾ പരിചയപ്പെടേണ്ട അത്യാവശ്യകതയെ കുറിച്ച് ഫാ. ജോർജ് വെട്ടിക്കാട്ടിലും പാരമ്പര്യ കർഷകൻ ശ്രീ. മണിയനും ക്ലാസ്സെടുത്തു.

## കവിതാരചന മത്സരം




ഇൻഫാം പാറശ്ശാല കാർഷിക ജില്ലയുടെ നേതൃത്വത്തിൽ 2025 ഏപ്രിൽ 26-ാം തീയതി, 'പ്രകൃതി' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു കവിതാരചന മത്സരം സംഘടിപ്പിച്ചു.

## ക്ഷേമയ്ക്ക് പുതിയ ഡയറക്ടർ




ക്ഷേമ ഇന്റഗ്രേറ്റഡ് ഡെവലപ്മെൻറ് സൊസൈറ്റി പാറശ്ശാല ഭദ്രാസന ഡയറക്ടറായി ഫാ. ജോൺ പുന്നാര ചുമതലയേറ്റെടുത്തു. നിലവിലെ ഡയറക്ടർ ഫാ. ജോർജ് വെട്ടിക്കാട്ടിലിന് പകരമായാണ് ഫാ. ജോൺ പുന്നാര ചുമതലയേറ്റെടുത്തത്.



എം.സി.വൈ.എം. ഭദ്രാസന ജില്ലാ/മേഖലാതല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്,
ലേ-ആനിമേറ്റേഴ്സ് മീറ്റ് - ആത്മ 2025 ൽ പങ്കെടുത്തവർ



‘സ്പെരാൻസ-25’ എം.സി.എം.എഫ്. കർമ്മപദ്ധതി ഉദ്ഘാടനവും വനിതാ ദിനാചരണവും



2025 മാർച്ച് മാസത്തിലെ വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുത്തവർ



# ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക്
# പ്രാർത്ഥനയോടെ വിട...

Printed and Published by Very Rev. Fr. Bijoy Ooralivila (*Chancellor*)
Diocese of Parassala, Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502

Design & Layout : Syam, Nia Graphics, Chowara 9747 044 811